# കേരള സർക്കാർ


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാറാണംമൂഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PTA.P6/1374/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 07/01/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാറാണംമൂഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PTA.P6/1374/22 തീയ്യതി: 07/01/2023

## പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-02-2022 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 01-12-2022 | 14-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-12-2022 | 14-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ,(01-12-2022 മുതൽ 07-12-2022 വരെ)
ശ്രീ മഹേഷ് കുമാർ കെ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,(01-12-2022 മുതൽ 14-12-2022 വരെ)
ശ്രീമതി ദീപ കെ.എസ്, ഓഡിറ്റർ, (01-12-2022 മുതൽ 13-12-2022 വരെ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ബീന ജോബി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ സൈമൺ വർഗീസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രാജി എം എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. ശ്രീകുമാർ എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി റെംസിമോൾ സലീം | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| Dr.മഹിമ ജോൺ | മെഡിക്കൽ ഓഫീസർ (P.H.C) | 01-04-2021 | 31-03-2022 |
| Dr. വിനോദ് എൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ മാത്യു ഒ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 14-08-2021 |
| ശ്രീ ഷാൻ കുമാർ കെ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16-08-2021 | 31-03-2022 |
| ശ്രീമതി സന്ധ്യാ റ്റി | ICDS സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ ബിജുമോൻ സി.കെ | ഹെഡ് മാസ്റ്റർ, GLPS, നാറാണംമൂഴി | 01-04-2021 | 08-12-2021 |
| ശ്രീമതി എം ആർ രമാദേവി | ഹെഡ് മിസ്ട്രസ്സ്, GLPS, നാറാണംമൂഴി | 09-12-2021 | 31-03-2022 |
| ശ്രീ ശിവപ്രസാദ് P.S, | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD റാന്നി ബ്ലോക്ക് (അഡീഷണൽ ചാർജ്) | 01-04-2021 | 31-03-2022 |
| ശ്രീ പ്രശാന്ത് പി.വി, | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ. | 1-2 |
| 3 | സാമ്പത്തിക വിശകലനം. | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന. | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമല്ല | 1-11 |
| 12 | തൊഴിൽ നികുതി -പിരിവ് പൂർണ്ണമല്ല. | 1-12 |
| 13 | വാടക പൂർണ്ണമായി ഈടാക്കിയില്ല. | 1-13 |
| 14 | സേവന ഉപനികുതി ഈടാക്കുന്നില്ല. | 1-14 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-15 |
| 16 | അങ്കണവാടികളുടെ ഫുഡ് സ്റ്റോക്ക് രജിസ്റ്റർ - രേഖപ്പെടുത്തലുകൾ കൃത്യമല്ല | 1-16 |
| 17 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം | 1-17 |
| 18 | മരുന്നു വാങ്ങൽ - മുൻകൂർ പണമടച്ചിട്ടും മരുന്നു ലഭ്യമായില്ല | 1-18 |
| 19 | ശബരിമല ഫണ്ട് പഞ്ചായത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്കായി വകമാറ്റി | 1-19 |
| 20 | ആശ്രയ പദ്ധതി ഭക്ഷണ വിതരണത്തിൽ മാത്രം ഒതുങ്ങി | 1-20 |
| 21 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - ഗുണഭോക്താക്കൾ ആദ്യ ഗഡുക്കൾ വാങ്ങിയതിനു ശേഷം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 22 | പാതി വഴിയിൽ നിർവ്വഹിച്ച പ്രവൃത്തിയെ അടിസ്ഥാനപ്പെടുത്തി ബിൽ തുക നൽകിയതിനു ശേഷം പദ്ധതി ഉപേക്ഷിച്ചു. | 1-22 |
| 23 | സെൽഫ് ഡിക്ലറേഷൻ ഹാജരാക്കാത്ത കരാറുകാർക്ക് ജിഎസ് ടി കോമ്പൻസേഷൻ നൽകി. | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |

| ഭാഗം 4 | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയതി | 16.02.2021 |
| ബഡ്ജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി | 20.02.2021 |
| റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ച തീയതി | ലഭ്യമാക്കിയില്ല. |

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 6836970 | 9194130 | -2357160 |
| വരവ് | 114446030 | 79182980 | 35263050 |
| ആകെ | 121283000 | 88377110 | 32905890 |
| ചെലവ് | 129598000 | 76824297 | -52773703 |
| നീക്കിയിരിപ്പ് | 7855970 | 11552813 | -3696843 |

## 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 62(2)(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം (F2-2)(f) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻ വർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. ഗ്രാമപഞ്ചായത്തിലെ ഫിക്സഡ് അസറ്റ് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

3. ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂളിൽ 335854 രൂപ വിവിധ ഡെപ്പോസിറ്റുകൾ തിരികെ നൽകാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.ഇവയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ലായെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു.ആയത് ലഭ്യമാക്കിയില്ല. ഇലക്ഷൻ ഡെപ്പോസിറ്റ് തുകയായ 43500 രൂപ തിരികെ നൽകാൻ അവശേഷിക്കുന്നുണ്ട്.

4.B-18 ഷെഡ്യൂളിൽ വിവിധ ഏജൻസികൾക്ക് മുൻവർഷം ഡെപ്പോസിറ്റ് ആയി നൽകിയ തുകയും തൻ വർഷം ഇതിൽ നിർവ്വഹണം നടത്തി ആസ്തിയിലേയ്ക്ക് മാറ്റിയതിന്റേയും തൻ വർഷം ഡെപ്പോസിറ്റ് നടത്തിയതിന്റേയും കണക്കുകൾ കൃത്യമായി കണക്കാക്കിയിട്ടില്ല.

| | B-18 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് (2020-21) | 2021-22 ൽ നൽകിയത് | B-18 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് (2021-22) |
|---|---|---|---|
| അഡ്വാൻസ് KWA | 4062938 | 947000 | 2728695 |
| അഡ്വാൻസ് KSEB | 5670267 | 612490 | 4766333 |
| അഡ്വാൻസ് GWD | 54000 | 0 | 54000 |
| അഡ്വാൻസ് PWD | 1057500 | 0 | 1057500 |

5. മുൻ വർഷത്തെ അക്കൗണ്ട്സിൽ ഉൾപ്പെട്ട് കോപ്പറേറ്റീവ് ബാങ്ക് Impressed 5394 എന്ന അക്കൗണ്ടിലെ തുക 12652 രൂപ തൻ വർഷം ചെലവഴിച്ചതായി കാണിച്ചിട്ടുണ്ട്. ആയതിന്റെ പാസ്സ്ബുക്ക് ഓഡിറ്റിനു ലഭ്യമാക്കിയില്ല.

6. 31.03.2022 ൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യ നിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല (B-14).

7. ജില്ലാ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് ബാലൻസ് തുകയും B-17 ഷെഡ്യൂളിലുള്ള ബാലൻസ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8. ഫിക്സഡ് അസറ്റ് B-11 ഷെഡ്യൂളിൽ മുൻവർഷത്തെ ഡിപ്രീസിയേഷൻ തുക തന്നെയാണ് തൻ വർഷവും രേഖപ്പെടുത്തിയിട്ടുള്ളത്.

9. വസ്തു നികുതിയുടെ സഞ്ചയ പ്രകാരമുള്ള DCB യും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

10. സെക്യൂരിറ്റി ഡെപ്പോസിറ്റ് മുൻ വർഷത്തെ നീക്കിയിരിപ്പും (B7) തൻ വർഷത്തെ വരവ് ചെലവു കണക്കുകളും (RP-34) കണക്കാക്കുമ്പോൾ 362854 രൂപയാണ് നീക്കിബാക്കിയായി വരേണ്ടത്. എന്നാൽ തൻവർഷത്തെ നീക്കിയിരിപ്പ് വാർഷിക കണക്കിൽ 335854 രൂപയാണ്.

11. ഷെഡ്യൂൾ B5- ലൈഫ് പദ്ധതിയുടെ വായ്പ കുടിശ്ശികയായി കാണിച്ചിട്ടുള്ളത് 18494237 രൂപയാണ് . എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 7202541 രൂപ മാത്രമാണ് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നത്.
12. B4 ഷെഡ്യൂളിൽ 320300199 എന്ന ഹെഡ്ഡിൽ 30.14 ലക്ഷം രൂപ ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ശബരിമല ഗ്രാന്റിനത്തിൽ ലഭിച്ച തുകയാണോ എന്നു വ്യക്തമല്ല. ACR പ്രകാരം തൻ വർഷം ലഭിച്ച ശബരിമല ഗ്രാന്റ് തുക വാർഷിക കണ്ക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 9194130 |
| വരവ് | 79182980 |
| ആകെ | 88377110 |
| ചെലവ് | 76824297 |
| നീക്കിയിരിപ്പ് | 11552813 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | ബജറ്റ് പ്രകാരം അനുവദിച്ച തുക | ആകെ | ചെലവ് | ലാപ്സായ തുക/ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12747330 | 12747330 | 11846466 | 900864 |
| വികസന ഫണ്ട് (SCP) | 0 | 3036063 | 3036063 | 2896333 | 139730 |
| വികസന ഫണ്ട് (TSP) | 0 | 3711000 | 3711000 | 3069280 | 641720 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 5390050 | 5390050 | 1828633 | 3561417 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied) | 0 | 4582535 | 4582535 | 3191526 | 1391009 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 9880571 | 9880571 | 8916779 | 963792 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 6647157 | 6647157 | 3466715 | 3180442 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| ICDS | 781973 | 598812 | 1380785 | 985248 | 395537 |
| MGNREGS | 11891 | 537201 | 549092 | 544695 | 4397 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| സാക്ഷരത | 2163 | 65 | 2228 | 0 | 2228 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 728090 | 0 | 728090 | 335800 | 392290 |
| ശബരിമല ഗ്രാന്റ് | 4149692 | 2040000 | 6189692 | 232449 | 5957243 |

ഗ്രാന്റ് വിനിയോഗ പത്രിക -അപാകതകൾ.

1) സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകകൾ ACR ൽ ഉൾപ്പെടാത്തതുകാരണം ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവായി ഈ തുക കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.എന്നാൽ ഈ പദ്ധതികളുടെ ചെലവുകൾ കൂടി ചെലവ് പത്രികയിൽ ഉൾപ്പെടുന്നുണ്ട്. ഇത് കാരണം ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ബാലൻസ് തുകകൾ കൃത്യമല്ല.

| ക്രമ നം | ഫണ്ട് | പ്രൊജക്ട് നമ്പർ/പേര് | തുക |
|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 579333 |
| 2 | | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 176000 |
| | | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 579333 |
| 3 | | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം. | 321200 |
| | | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം. | 321200 |
| 4 | | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം. | 321200 |
| | | ആകെ | 2298267 |
| 5 | വികസന ഫണ്ട് (SCP) | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്. | 29333 |
| | | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്. | 58667 |
| 6 | | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്. | 58667 |
| | ആകെ | | 146667 |
| 7 | വികസന ഫണ്ട് | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്. | 88000 |
| 8 | (TSP) | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 132000 |
| | | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 132000 |
| | ആകെ | | 352000 |

2) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം CFC Tied ഗ്രാന്റ് ഇനത്തിൽ 1828633 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 1666101 രൂപയുടെ ചെലവു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 162532 രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.

3) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം CFC Un Tied ഗ്രാന്റ് ഇനത്തിൽ 3191526 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 2991526 രൂപയുടെ ചെലവു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 200000 രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.

4) തൻ വർഷം ശബരിമല ഗ്രാന്റായി ലഭിച്ച തുക വാർഷിക കണക്കുകളിലോ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലോ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|
| 204 | 157167669 | 158 | 58144387 | 46 | 37 |

വിവിധ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ എണ്ണം | അടങ്കൽ തുക | നിർവ്വഹണം നടത്തിയ പദ്ധതികളുടെ എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | അഗ്രിക്കൾച്ചറൽ ഓഫീസർ | 10 | 10237735 | 10 | 6064597 | 59.23 |
| 2 | വെറ്റിനറി സർജൻ | 8 | 3055000 | 7 | 2043000 | 66.87 |
| 3 | മെഡിക്കൽ | 8 | 1713080 | 6 | 1517218 | 88.56 |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസർ (PHC) | | | | | |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 1457235 | 4 | 1457235 | 100 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26 | 98985963 | 17 | 22292398 | 22.52 |
| 6 | ICDS സൂപ്പർവൈസർ | 7 | 4753111 | 6 | 3533868 | 74.34 |
| 7 | സെക്രട്ടറി | 28 | 7603738 | 25 | 5515615 | 72.53 |
| 8 | ഹെഡ് മാസ്റ്റർ | 9 | 1384145 | 7 | 830372 | 60 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 95 | 24383202 | 69 | 12805148 | 52.52 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 1314820 | 5 | 1027675 | 78.16 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2279640 | 2 | 1057261 | 46.37 |
| | ആകെ | 204 | 157167669 | 158 | 58144387 | 37 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 11891 | 537201 | 549092 | 544695 | 4397 |
| ഗുണഭോക്താക്കൾക്ക നേരിട്ട് നൽകിയത് | 0 | 5071396 | 5071396 | 5071396 | 0 |
| തൊഴിൽ ചെയ്തവർക്ക് വേതനം | 0 | 27641252 | 27641252 | 27641252 | 0 |

## 1-7 ക്ഷേമ പെൻഷനുകൾ

| *പെൻഷൻ ഇനം* | *ചെലവ്* | *ഗുണഭോക്താക്കളുടെ എണ്ണം* |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4522400 | 298 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3346600 | 230 |
| വിധവാ പെൻഷൻ | 9574300 | 651 |
| വാർദ്ധക്യകാല പെൻഷൻ | 21817100 | 1535 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 144000 | 9 |
| തൊഴിൽ രഹിത വേതനം | 840 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.12.2022ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2044 രൂപ

നീക്കിയിരുപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ്, വാടക ഉൾപ്പെടെയുള്ള വിവിധ വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകൾ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല. ആസ്തികൾ എല്ലാം തിട്ടപ്പെടുത്തുകയും പരിപാലനം കൃത്യമായി നടത്തുകയും ചെയ്യുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ട പോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഷിക പദ്ധതി, ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല. പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളിൽ ജനപങ്കാളിത്തം വളരെ കുറവാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമസഭകളിൽ ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. ഗ്രാമസഭയിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ പദ്ധതി ആസൂത്രണത്തിൽ പ്രതിഫലിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-09-2018 | 1997-98 മുതൽ 2007-08 വരെ | 26-11-2018 |
| പെർഫോമൻസ് ഓഡിറ്റ് | 11-04-2022 മുതൽ 12-04-2022 വരെ | 2021-22 | 05/2022 |

## 1-11 പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമല്ല

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ തനത് വരുമാനവും ചെലവുകളും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തനതു വരുമാനം | തുക | തനതു ചെലവുകൾ | തുക |
|---|---|---|---|
| നികുതി വരുമാനം (I-1) | 2427691 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (I-10b) | 11053952 |
| വാടക (I-3) | 374810 | ഭരണപരമായ ചെലവുകൾ (I-11b) | 713141 |
| ഫീസുകളും യൂസർ ചാർജ്ജും (I-4b) | 638640 | പ്രവർത്തന ചെലവുകളും പരിപാലനവും (I-12b)) | 1828653 |
| വിൽപ്പനയും കൂലി ചാർജ്ജും (I-5b) | 158474 | | |

| | | | |
|---|---|---|---|
| പലിശ (I-8) | 64116 | | |
| ഡെപ്പോസിറ്റ് മുതൽ കൂട്ടിയത് (I-9) | 104750 | | |
| വരവിൽ കവിഞ്ഞ ചെലവ് | 9827265 | | |
| ആകെ | 13595746 | | 13595746 |

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത് (തൻവർഷം ലഭിച്ച പൊതു ആവശ്യ ഗ്രാന്റ് 82,80,000 രൂപയാണ്). മേൽ കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 98.27 ലക്ഷം രൂപയാണ്. തനത് ഫണ്ടിന്റെ കുറവ് കാരണം ജീവനക്കാരുടെ പി.എഫ്. വിഹിതം, പെൻഷൻ കോൺട്രിബ്യൂഷൻ തുടങ്ങിയ റിക്കവറികൾ കൃത്യമായി അടയ്ക്കാൻ കഴിയുന്നില്ല.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഇവ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം പരാജയപ്പെടുന്നു. പ്രാദേശിക സർക്കാരുകളിൽ അർപ്പിതമായിട്ടുള്ള ഭരണഘടനാപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുകൾ സ്വയംപര്യാപ്തമാകേണ്ടത് അനിവാര്യമാണ്.

തനത് ഫണ്ട് അപര്യാപ്തം – തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള മറ്റ് ഫണ്ടുകൾ വിനിയോഗിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം നിക്ഷേപിക്കുന്നതിനായി രണ്ട് അക്കൗണ്ടുകളാണ് നിലവിൽ ഉള്ളത്. ആയതിന്റെ 31-03-2022 പ്രകാരമുള്ള നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കോ ഓപ്പറേറ്റീവ് ബാങ്ക് | 1884823 |
| പത്തനംതിട്ട ജില്ലാ കോപ്പറേറ്റീവ് ബാങ്ക് | 3262642 |
| ആകെ | 5147465 |

വിവിധ കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികൾ, ശുചിത്വമിഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭിക്കുന്ന ഫണ്ടുകൾ തനത് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. പ്രസ്തുത ഇനങ്ങളിലുള്ള 31.03.2022 ലെ നീക്കിയിരുപ്പ് ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക |
|---|---|
| ICDS കേന്ദ്ര വിഹിതം | 395537 |
| ശുചിത്വമിഷൻ ഗ്രാന്റ് | 392290 |
| ശബരിമല ഗ്രാന്റ് | 5957243 |
| ആകെ | 6745070 |

സെക്യൂരിറ്റി നിക്ഷേപം ഇനത്തിൽ 3,35,854 രൂപയുടെയും ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾക്കായി 18,48,708 രൂപയുടെയും ബാധ്യതയുണ്ട്. ആകെ 89,29,632 രൂപയുടെ ബാധ്യത നിലനിൽക്കുമ്പോൾ, തനത് ഫണ്ടിൽ 5147465 രൂപ മാത്രമാണ് അവശേഷിക്കുന്നത്. അതായത് 3782167 രൂപയുടെ കുറവ്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളും ഋണശീർഷ തുകകളും തനത് ഫണ്ടിൽ നിക്ഷേപിക്കുകയും ഫണ്ടിന്റെ അപര്യാപ്തത കൊണ്ട് മേൽ ഫണ്ടുകൾ മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യുന്നതിനാലാണ് ദൈനംദിന ചെലവുകൾ നടത്തുവാൻ പറ്റുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിച്ച് ചെലവഴിക്കാതിരുന്നത് മൂലമാണ് ഫണ്ടിന്റെ ശോച്യാവസ്ഥ ശ്രദ്ധിക്കപ്പെടാതെ പോകുന്നതും തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള മറ്റ് ഫണ്ടുകളിൽ നിന്ന് ചെലവുകൾ നടത്താൻ ഇടയാകുന്നതും. മേൽ വിഷയത്തിൽ അടിയന്തരമായി മറുപടി നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/13-12-2022) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. തനതു വരുമാനം വർദ്ധിപ്പിച്ചും ബാധ്യതകൾക്കുള്ള ഫണ്ട് കണ്ടെത്തിയും പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-12 തൊഴിൽ നികുതി -പിരിവ് പൂർണ്ണമല്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് , 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി,ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും

തൊഴിൽനികുതി ഈടാക്കാവുന്നതാണ്.

I.ചുവടെ ചേർത്തിട്ടുള്ള പാലുല്പാദക സംഘത്തിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.

1. ഇടമൺ ക്ഷീരോൽപാദക സഹകരണ സംഘം.

2. മാടമൺ ക്ഷീരോൽപാദക സഹകരണ സംഘം.

3. നെടുമൺ ക്ഷീരോൽപാദക സഹകരണ സംഘം.

4. ഇടമുറി ക്ഷീരോൽപാദക സഹകരണ സംഘം.

5. മോതിര വയൽക്ഷീരോൽപാദക സഹകരണ സംഘം.

6. കണ്ണമ്പള്ളി ക്ഷീരോൽപാദക സഹകരണ സംഘം.

II. ഗ്രാമ പഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾ ചെയ്യുന്ന അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.ഇവർ മറ്റേതെങ്കിലും ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടോ എന്ന വിവരവും ലഭ്യമല്ല. കരാറുകാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര്, വിലാസം |
|---|---|
| 1 | ശരത് ബാബു,കൊട്ടുമ്പുഴ,നാറാണംമൂഴി |
| 2 | ജാബു കുര്യൻ,കണ്ണൻകുഴിയത്ത്, കുടമുരട്ടി |
| 3 | വി.ബി വിനു, കിഴക്കേക്കര, നാറാണംമൂഴി |
| 4 | കെ.പി ശശിധരൻ, കൊട്ടുമ്പുഴ,നാറാണംമൂഴി |
| 5 | ജി സലീം, ലതാ ഭവൻ, ചീരക്കുളഞ്ഞി P.O, വലിയകുളം |
| 6 | പ്രസാദ് കെ.എൻ, കൈതക്കുഴിയിൽ, ചീരക്കുളഞ്ഞി P.O, വലിയകുളം |
| 7 | ജോസഫ് ഫിലിപ്പ്, കൊട്ടുമ്പുഴ,നാറാണംമൂഴി |
| 8 | കെ.വി എബ്രഹാം, കൊട്ടക്കാട്ടേത്ത്, നാറാണംമൂഴി |
| 9 | പി വി സോമശേഖരൻ |
| 10 | പി എ ഫിലിപ്പ്, പുളിക്കൽ, വെച്ചൂച്ചിറ |
| 11 | ഷിബിൻ രാജ്, വടക്കേചരുവിൽ, നാറാണംമൂഴി |
| 12 | സതി കുമാർ കെ.എസ്, ശിവപ്രിയ, നാറാണംമൂഴി |
| 13 | ആകാശ് എസ് നായർ, പടറ്റുകാലായിൽ,ഐത്തല പി.ഒ, റാന്നി |

III.ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷം തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. അക്ഷയ കേന്ദ്രം, വെച്ചൂച്ചിറ.

2. സപ്ലൈകോ, നാറാണംമൂഴി

3. റബ്ബർ ബോർഡ് ഫീൽഡ് സ്റ്റേഷൻ,നാറാണംമൂഴി.

4. ബഡ്സ് സ്കൂൾ, നാറാണം മൂഴി

5.ബി.എസ്.എൻ.എ, അത്തിക്കയം.

6. പൈലറ്റ്സ് ലാറ്റക്സ് ഫാക്ടറി ,ഇടമുറി.

1V.ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും 2021-22 ലെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. പോസ്റ്റോഫീസ്, കുടമുരുട്ടി.

2. എസ്.എൻ. സെൻട്രൽ സ്കൂൾ, അത്തിക്കയം.

3. ആർ.എം. ജെ.ബേക്കറി ,അത്തിക്കയം.

4. ടോഡിഷോപ്പ്, അത്തിക്കയം.

ഇതുസംബന്ധിച്ച് 08-12-2022ൽ നൽകിയ ഓഡിറ്റ് എൻക്വയറി (നം:5)ക്ക് മറുപടിയായി, പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ

സ്ഥാപനങ്ങളിലെയും സ്ഥാപന തൊഴിൽനികുതിയും, അതിലെ തൊഴിലാളികളുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽനികുതിയും ഡിമാന്റ് ചെയ്ത് ഇടാക്കേണ്ടതാണ്. ഇതിലേക്ക് ധനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 വാടക പൂർണ്ണമായി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാടക സംബന്ധമായ രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ വാടകയിനത്തിൽ 431615രൂപ ഈടാക്കുവാൻ അവശേഷിക്കുന്ന വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | റൂം നമ്പർ | വാടകക്കാരന്റെ വിവരം | കെട്ടിട വിവരം | കുടിശ്ശിക തുക 31.03.2022 (അരിയർ ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 6 | സെക്രട്ടറി എസ്.സി.ബി | ഷോപ്പിംഗ്കോംപ്ലക്സ് | 33160 |
| 2 | 7 | മാവേലി സ്റ്റോർ | ഷോപ്പിംഗ്കോംപ്ലക്സ് | 8136 |
| 3 | 11 | രാജമ്മ പ്ലാം കൂട്ടത്തിൽ | ഷോപ്പിംഗ്കോംപ്ലക്സ് | 51848 |
| 4 | 12 | അപ്പുക്കുട്ടൻ | ഷോപ്പിംഗ്കോംപ്ലക്സ് | 17715 |
| 5 | 16 | സണ്ണി ചാക്കോ | ഷോപ്പിംഗ്കോംപ്ലക്സ് | 42808 |
| 6 | 6 | ശാന്തമ്മ വർഗ്ഗീസ് | എസ്.ജി.എസ്.വൈ റൂം | 66228 |
| 7 | 1 | റെജി | ഓപ്പൺസ്റ്റാൾ | 38796 |
| 8 | 4 | പി.വി. വർഗ്ഗീസ് | ഓപ്പൺസ്റ്റാൾ | 46240 |
| 9 | 5 | പി.വി. വർഗ്ഗീസ് | ഓപ്പൺസ്റ്റാൾ | 40104 |
| 10 | 10 | അലിയാർ റാവുത്തർ | ഓപ്പൺസ്റ്റാൾ | 86580 |
| | | | ആകെ | 431615 |

വാടക പൂർണമായി ഈടാക്കി ആഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 സേവന ഉപനികുതി ഈടാക്കുന്നില്ല.

ഒരു പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 207-ാം വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ നൽകുകയാണെങ്കിൽ ഗ്രാമപഞ്ചായത്ത് അംഗീകരിക്കുന്ന നിരക്കിൽ സേവന ഉപനികുതികൾ ചുമത്താവുന്നതാണെന്നും എന്നാൽ അപ്രകാരം ചുമത്തുന്ന സേവന ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ കുറയാൻ പാടുള്ളതല്ലയെന്നും 2011-ലെ കേരള കേരളാ പഞ്ചായത്തിരാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 26-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നാളിതുവരെ പഞ്ചായത്ത് ടി സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല. 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കുറഞ്ഞ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% |
| 2 | ജലവിതരണം | വസ്തു നികുതിയുടെ 3% |
| 3 | തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% |
| 4 | ഡ്രെയിനേജ് | വസ്തു നികുതിയുടെ 1% |

തെരുവുവിളക്കുകൾ, കുടിവെള്ള വിതരണം, ശുചിത്വ പരിപാലനം ഇനങ്ങളിൽ വർഷാവർഷം ഗ്രാമപഞ്ചായത്ത് ഗണ്യമായ തുക ചെലവഴിച്ചുവരുന്നു. ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക വികസനവും സാമൂഹ്യനീതിയും സമയബന്ധിതമായി കൈവരിക്കുന്നതിന് പഞ്ചായത്തുകൾ തനതു വരുമാനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തമാകേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. പിന്നോക്ക പ്രദേശങ്ങൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് ലഭ്യത വളരെയധികം കുറവായ സാഹചര്യത്തിൽ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്താവുന്നതും ആയത് കമ്മിറ്റിയിൽ ചർച്ചചെയ്ത് ഉചിതമായ നടപടികൾ കൈക്കൊള്ളാവുന്നതുമാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഈടാക്കുവാൻ അവശേഷിക്കുന്ന മൊബൈൽ ടവറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കമ്പനിയുടെ പേര്. | വാർഡ്/ കെട്ടിടനം. | പ്ലിന്ത് ഏരിയ. | തൻ വർഷ കുടിശ്ശിക. |
|---|---|---|---|---|
| 1 | ഡെപ്യൂട്ടി ജനറൽ മാനേജർ ടെലികോം തിരുവല്ല. | 8/525 | 31sq.m. | 102537 (2013 മുതൽ അടവാക്കിയില്ല.) |
| 2 | ജനറൽ മാനേജർ റിലയൻസ് ജിയോ ഇൻഫോ കോം ലിമിറ്റഡ് | 9/384 | 29sq.m. | 36582 |
| | | | ആകെ | 139119 |

മേൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ലായെന്ന് മുൻവർഷ ആഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതാണ്. മൊബൈൽ ടവറുകളുടെ ഈടാക്കാൻ അവശേഷിക്കുന്ന വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 1-16 അങ്കണവാടികളുടെ ഫുഡ് സ്റ്റോക്ക് രജിസ്റ്റർ - രേഖപ്പെടുത്തലുകൾ കൃത്യമല്ല

അങ്കണവാടികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഫുഡ് സ്റ്റോക്ക് രജിസ്റ്റർ, നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ പരിശോധിച്ച് കൃത്യത സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ അങ്കണവാടികൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന ഫുഡ് സ്റ്റോക്ക് രജിസ്റ്റർ കാലികമാണെങ്കിലും അങ്കണവാടികളിൽ നിന്നും വിതരണത്തിനായി സൂക്ഷിക്കുന്ന സബ് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, 2022 മാർച്ച് വരെ കൃത്യമായ രേഖപ്പെടുത്തലുകളില്ല എന്ന് ബോധ്യപ്പെട്ടു. ടി. രജിസ്റ്ററിൽ മുന്നിരിപ്പും നീക്കിയിരിപ്പും തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചില ഇനങ്ങളുടെ ചെലവ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുമില്ല. അതിനാൽ ഫുഡ് ഐറ്റത്തിന്റെ വിതരണം സംബന്ധിച്ച് കൃത്യതയില്ല. കൃത്യമായ മോണിറ്ററിംഗം നടന്നിട്ടില്ല. ഇതുമൂലം ഗുണഭോക്താവിന് കൃത്യമായ അളവിൽ ഭക്ഷണ സാധനങ്ങൾ ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുവാൻ കഴിയുന്നില്ല. അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിശോധിച്ച് വിതരണ വിവരം ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. ഈ വിഷയം തുടർ ഓഡിറ്റിൽ നിരീക്ഷിക്കുന്നതാണ്.

## 1-17 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്തിൽ 22 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നാലെണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. രണ്ട് അങ്കണവാടികൾക്ക് ചുറ്റുമതിലും, രണ്ട് അങ്കണവാടികളിൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റും ഉണ്ട്. മിക്ക അങ്കണവാടികളിലും ആവശ്യത്തിന് ഫർണിച്ചർ ഇല്ല. ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റുകളും ഫർണിച്ചറും വളരെ അത്യന്താപേക്ഷിതാണെന്ന് ഐ.സി.സി.എസ് ഓഫീസർ അറിയിച്ചു. ഈ സാഹചര്യത്തിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി നിർമ്മിക്കുന്നതിനും, അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്ത് അധികൃതർ പ്രത്യേക പരിഗണന നൽകേണ്ടതാണ്. അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ നടത്തി സുരക്ഷ ഉറപ്പാക്കുക, സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക എന്നിവ പ്രാവർത്തികമാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ഫലപ്രദമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ സത്വര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-18 മരുന്ന് വാങ്ങൽ - മുൻകൂർ പണമടച്ചിട്ടും മരുന്ന് ലഭ്യമായില്ല

ഗ്രാമപ്പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടുകൾ പ്രകാരം വിവിധ സർക്കാർ ഏജൻസികൾക്ക് മുൻകൂർ പണം നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം | കൈമാറിയ തുക | ലഭ്യമായ മരുന്ന് | ലഭ്യമാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 97/2022 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഹോംകോ | 250000 | 229317 | 20683 |
| 51/2022 പി.എച്ച്സി.ലേയ്ക്ക്- മരുന്നുവാങ്ങൽ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | KMSCL | 400000 | 290149 | 109851 |
| 52/2022 സാന്ത്വന പരിചരണം | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | KMSCL | 250000 | 225555 | 24445 |
| ആകെ | | | | | 154979 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ശബരിമല ഫണ്ട് പഞ്ചായത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്കായി വകമാറ്റി

ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി മുൻവർഷങ്ങളിൽ ലഭിച്ച സർക്കാർ ഗ്രാന്റ് പ്രസ്തുത ആവശ്യങ്ങൾക്ക് ചെലവഴിക്കാതെയിരിക്കുന്നതായും, തനതു ഫണ്ടിൽ സൂക്ഷിച്ച് വകമാറ്റി ചെലവഴിക്കുന്നതായും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. 2021-22 വർഷം ലഭിച്ച ഗ്രാന്റ് ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|
| 4149692 | 2040000 | 6189692 | 232449 | 5957243 |

തൻ വർഷം ഫണ്ട് ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി | ഇനം | തുക |
|---|---|---|---|
| 1 | 17.12.2021 | ശബരിമല പാതയിൽ തെരുവുവിളക്ക് മെയിന്റനൻസ് | 12000 |
| 2 | 03.12.2021 | തീർത്ഥാടന കാലയളവിൽ ദിശാബോർഡ്, മുന്നറിയിപ്പ് ബോർഡ് എന്നിവയുടെ പ്രിന്റിംഗ് ചെലവ് | 550 |
| 3 | 15.01.2022 | ശബരിമല ഇടത്താവളം- ലൈറ്റ് ഫിറ്റിംഗ്സിനുള്ള ചെലവ് | 1840 |
| 4 | 05.02.2022 | ശബരിമല ഇടത്താവളം- ശുചീകരണ തൊഴിലാളികൾക്ക് വേതനം | 110250 |
| 5 | 19.03.2022 | ശബരിമല ഇടത്താവളം- കുടിവെള്ള വിതരണം | 9000 |
| 6 | 31.03.2022 | ശബരിമല ഇടത്താവളം- താൽക്കാലിക ടോയ്ലെറ്റ് നിർമ്മാണം | 98809 |
| | ആകെ | | 232449 |

ഇപ്രകാരം 2021-22ൽ ലഭിച്ച 20.40 ലക്ഷം രൂപ ഉൾപ്പെടെ ആകെ 61.89 ലക്ഷം രൂപ ഗ്രാന്റിനത്തിൽ പഞ്ചായത്തിനു ലഭിച്ചപ്പോൾ വെറും 2.32 ലക്ഷം രൂപ മാത്രമാണ് തീർത്ഥാടക ക്ഷേമത്തിനായി തൻ വർഷം ചെലവഴിച്ചിട്ടുള്ളതെന്നു കണ്ടു. 5957243 നീക്കിയിരിപ്പുണ്ടാകേണ്ട സ്ഥാനത്ത് ആകെ അവശേഷിക്കുന്നത് 5147465 രൂപ മാത്രമാണ്. ഇതിൽ നിന്നും 809778 രൂപ വകമാറ്റി ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്.

2019-20 ൽ 7.89 ലക്ഷവും 2020-21 ൽ 21.71 ലക്ഷവും ചെലവഴിച്ചപ്പോൾ തൻവർഷം അത് 2.32 ലക്ഷം രൂപയായി മാത്രം ചുരുങ്ങി. തുക ചെലവഴിക്കാതിരുന്നതിന്റെയും, വകമാറ്റിയതിന്റെയും കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/14-12-2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

ഗ്രാന്റ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം [സ.ഉ (സാധാ) നം.8520/2021/ധന; തീയതി.29-12-2021] ഗ്രാമപഞ്ചായത്തിന്റെ Special TSB അക്കൗണ്ടിൽ ഈ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ശബരിമല ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുക വാർഷിക കണക്കിൽ കൃത്യമായി ഉൾപ്പെടുത്തുന്നുമില്ല. ശബരിമല ഗ്രാന്റായി ലഭിച്ച തുക തനതുഫണ്ടിൽ ട്രാൻസ്ഫർ ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കിയിരുന്നില്ല. ശബരിമല ഗ്രാന്റായി ലഭിക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് സംബന്ധിച്ച് യഥാവിധി ചെലവഴിക്കപ്പെടുന്നില്ല എന്നത് വകുപ്പുതലത്തിൽ (DDP) തുടർനടപടികൾ

സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-20 ആശ്രയ പദ്ധതി ഭക്ഷണ വിതരണത്തിൽ മാത്രം ഒതുങ്ങി

ആശ്രയ പദ്ധതിയുടെ അക്കൗണ്ട് (SBI A/C No.67309256989) പരിശോധിച്ചതിൽ നിന്നും 31.03.2022 ൽ 33,32,165 രൂപ നീക്കിയിരിപ്പായുണ്ട്. 2021-22 സാമ്പത്തിക വർഷം നാമമാത്രമായ തുകയാണ് ആശ്രയ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| ഇനം | തുക | ഇനം | തുക |
| മുൻ ബാക്കി | 2505654 | ഭക്ഷണത്തിനുള്ള ചെലവ് | 383926 |
| ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം (TSP) | 200000 | | |
| ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം (ജനറൽ) | 300000 | | |
| ചലഞ്ച് ഫണ്ട് | 638400 | | |
| പലിശ | 72037 | നീക്കി ബാക്കി | 3332165 |
| ആകെ | 3716091 | ആകെ | 3716091 |

ഇപ്രകാരം 33.3 ലക്ഷം രൂപ ബാങ്കിൽ അവശേഷിക്കവെ ആശ്രയ പദ്ധതി ഭക്ഷണവിതരണം മാത്രമായി ചുരുങ്ങി. ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം മുതലായ ക്രിയാത്മകമായ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/13-12-2022) അസിസ്റ്റന്റ് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. തീർത്തും ദരിദ്രരായ ആശ്രയ ഗുണഭോക്താക്കളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതും നടപ്പാക്കേണ്ടതും ഭരണസമിതിയുടെ കടമയാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-21 ലൈഫ് ഭവന നിർമ്മാണ പദ്ധതി - ഗുണഭോക്താക്കൾ ആദ്യ ഗഡുക്കൾ വാങ്ങിയതിനു ശേഷം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ, ഏതാനും ഗുണഭോക്താക്കൾ ആദ്യ ഗഡുക്കൾ വാങ്ങിയതിനു ശേഷം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്നു കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ:222/2020-21, 9/2021-22 ലൈഫ് മിഷൻ (പട്ടിക വർഗം) | | | | | VEO നൽകിയ മറുപടി |
|---|---|---|---|---|---|
| ക്രമ നം | പേര്, വിലാസം | ഫണ്ട് ഇനം | തീയതി | നൽകിയ തുക | |
| 1 | ചെല്ലമ്മ, പതാലിൽ, അടിച്ചിപ്പുഴ | സംസ്ഥാന വിഹിതം<br>ഹഡ്കോ വായ്പ | 21.12.2021<br>15.09.2022 | 40000<br>160000 | ഭവന നിർമ്മാണം നടക്കുന്നു |
| 2 | കുഞ്ഞുമോൻ, മൂഴിക്കൽ, അടിച്ചിപ്പുഴ | രേഖപ്പെടുത്തിയിട്ടില്ല | 03.03.2021 | 50000 | മരണപ്പെട്ടു. |
| 3 | അനിമോൻ കെ.കെ, കിണറ്റുകര, അടിച്ചിപ്പുഴ | രേഖപ്പെടുത്തിയിട്ടില്ല.<br>സംസ്ഥാന വിഹിതം | 22.02.2021<br>21.12.2021 | 50000<br>160000 | നോട്ടീസ് നൽകി. |
| 4 | സൗമ്യ ബിജു, മരുതിമൂട്ടിൽ, അടിച്ചിപ്പുഴ | രേഖപ്പെടുത്തിയിട്ടില്ല.<br>സംസ്ഥാന വിഹിതം | 19.03.2021<br>08.02.2022 | 50000<br>160000 | ഭവന നിർമ്മാണം നടക്കുന്നു |
| 5 | സീതമണി,ഓലിക്കൽ, അടിച്ചിപ്പുഴ | രേഖപ്പെടുത്തിയിട്ടില്ല.<br>സംസ്ഥാന വിഹിതം | 07.03.2021<br>15.09.2022 | 50000<br>160000 | ഭവന നിർമ്മാണം നടക്കുന്നു |
| 6 | സുമതി ഭാസ്കരൻ | രേഖപ്പെടുത്തിയിട്ടില്ല | 22.02.2021 | 50000 | മരണപ്പെട്ടു. |
| 7 | സരോജിനി, | രേഖപ്പെടുത്തിയിട്ടില്ല. | 05.03.2021 | 50000 | നോട്ടീസ് |

| | | | | | |
|---|---|---|---|---|---|
| | വനത്തംമുറിയ്ക്കൽ, അടിച്ചിപ്പുഴ | | | | നൽകി. |
| 8 | സൗമ്യ MS, മരുതിമൂട്ടിൽ, അടിച്ചിപ്പുഴ | രേഖപ്പെടുത്തിയിട്ടില്ല. സംസ്ഥാന വിഹിതം | 03.03.2021 25.11.2022 | 50000 160000 | ഭവന നിർമ്മാണം നടക്കുന്നു |
| 9 | പൊന്നമ്മ ശശി, കൊന്നമൂട്ടിൽ, അടിച്ചിപ്പുഴ | രേഖപ്പെടുത്തിയിട്ടില്ല. സംസ്ഥാന വിഹിതം | 07.03.2021 16.03.2022 | 50000 160000 | ഭവന നിർമ്മാണം നടക്കുന്നു |
| 10 | മഞ്ജു ശേഖർ, തോട്ടുറങ്കൽ, അടിച്ചിപ്പുഴ | വികസന ഫണ്ട് (TSP) ഹഡ്കോ വായ്പ | 09.09.2021 16.09.2022 | 40000 160000 | ഭവന നിർമ്മാണം നടക്കുന്നു |
| 11 | കമല A.M, പള്ളിക്കുന്നേൽ, അടിച്ചിപ്പുഴ | വികസന ഫണ്ട് (TSP) | 13.09.2021 | 40000 | നോട്ടീസ് നൽകി. |
| 12 | കവിത C.K കാളിയാനി, അടിച്ചിപ്പുഴ | വികസന ഫണ്ട് (TSP) | 09.09.2021 | 40000 | നോട്ടീസ് നൽകി. |
| 13 | ശാന്തമ്മ കെ.ജി, വെണ്ടേക്കും മൂട്ടിൽ . അടിച്ചിപ്പുഴ | വികസന ഫണ്ട് (TSP) സംസ്ഥാന വിഹിതം | 09.09.2021 21.12.2021 | 40000 160000 | ഭവന നിർമ്മാണം നടക്കുന്നു |
| 14 | സതി എസ്, വടക്കേമുറിയിൽ, അടിച്ചിപ്പുഴ | വികസന ഫണ്ട് (TSP) | 09.09.2021 | 40000 | നോട്ടീസ് നൽകി. |

മേൽ ഗുണഭോക്താക്കൾ ഭവനം നിർമ്മാണം പൂർത്തീകരിക്കാത്തതിനു വിശദീകരണം നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ഓഡിറ്റ് എൻക്വയറി (നം.04/08-12-2022) നൽകിയിരുന്നു. അഞ്ച് ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകിയതായും രണ്ടു പേർ മരണപ്പെട്ടതായും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നോട്ടീസ് നൽകിയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി, സംഭാവനകൾ ഉൾപ്പെടെയുള്ള ധനസമാഹരണത്തിനു ഭരണസമിതി മുൻകൈ എടുക്കാവുന്നതും, മറ്റു ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ ധന സമാഹരണത്തിനു ജില്ലാ പഞ്ചായത്ത് /ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ സഹകരണം തേടാവുന്നതുമാണ്.

## 1-22 പാതി വഴിയിൽ നിർവ്വഹിച്ച പ്രവൃത്തിയെ അടിസ്ഥാനപ്പെടുത്തി ബിൽ തുക നൽകിയതിനു ശേഷം പദ്ധതി ഉപേക്ഷിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ "വാൽപതാൽ കിണറുകര റോഡ് കോൺക്രീറ്റ്,വാർഡ് 10" എന്ന മരാമത്ത് പ്രവൃത്തിയുടെ പാർട്ട് ബിൽ നൽകിയശേഷം പ്രവൃത്തി ഉപേക്ഷിച്ചു. എസ്റ്റിമേറ്റ് പ്രകാരം 99.7 M റോഡ് കോൺക്രീറ്റ് നടത്തുന്നതിനായിരുന്നു ടെണ്ടർ ക്ഷണിച്ചിരുന്നത്. എന്നാൽ എം ബുക്ക് പ്രകാരം 47.2 M റോഡ് നിർമ്മാണം മാത്രമേ നടത്തിയിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 87/20-21, 190/2021-22, വാൽപതാൽ കിണറുകര റോഡ് കോൺക്രീറ്റ്,വാർഡ് 10 |
| ഫണ്ട് വകയിരുത്തിയത് | CFC-150000<br>MG(Road) -250000<br>ആകെ - 400000 |

| | |
|---|---|
| ചെലവഴിച്ചത് | CFC-150000 (ബിൽ നം.132/19.03.2021)<br>MG(Road) -37771 (ബിൽ നം.65/25.02.2022)<br>ആകെ - 187771 |
| എം ബുക്ക് നമ്പർ | 30/2020-21 |
| കരാറുകാരൻ | ജി സലീം, ലതാ ഭവൻ, വലിയകുളം |

പദ്ധതിയ്ക്കായി 4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2020-21 ൽ തയ്യാറാക്കുകയും 14.07.2020 ൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. ജി സലീം എന്ന കരാറുകാരന്റെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ കമ്മിറ്റി അംഗീകരിക്കുകയും ടിയാനു 28.07.2020 ൽ സെലക്ഷൻ നോട്ടീസ് നൽകുകയും 07.09.2020 ൽ സൈറ്റ് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരനുമായി നിയമാനുസൃതം എഗ്രിമെന്റ് തയ്യാറാക്കിയിട്ടില്ല. എഗ്രിമെന്റ് രേഖയായി ഫയലിൽ കരാർ നിബന്ധനകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ലാത്ത മുദ്രപ്പത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

തുടർന്ന് 47.2 M റോഡ് മാത്രം കോൺക്രീറ്റ് ചെയ്ത പ്രവൃത്തി അംഗീകരിച്ചുകൊണ്ട് കരാറുകാരന് ബിൽ തുക നൽകി ഫയൽ അവസാനിപ്പിച്ച നടപടി ക്രമപ്രകാരമല്ല. മേൽ അപാകതയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/13-12-2022) മറുപടി നൽകിയിട്ടില്ല. മേൽ വിഷയത്തിൽ ഭരണതലത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 സെൽഫ് ഡിക്ലറേഷൻ ഹാജരാക്കാത്ത കരാറുകാർക്ക് ജിഎസ് ടി കോമ്പൻസേഷൻ നൽകി.

2021-22 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളിലും പ്രവൃത്തിമൂല്യത്തിൽ നിന്നും 12% GST നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം: 87/2017/തസ്വഭവ; 01.11.2017 ഉത്തരവു പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്.

സ.ഉ. (സാധാ) നം: 2532/2018/തസ്വഭവ;29.09.2018 സർക്കാർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഫയലുകളിലൊന്നും തന്നെ കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല. താഴെ പറയുന്ന കരാറുകാർ ഈ പഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുകയും 12% GST കോമ്പൻസേഷൻ നേടുകയും ചെയ്തിട്ടുണ്ട്. ഈ കരാറുകാരുടെ GST നമ്പർ രേഖപ്പെടുത്തിയ സെൽഫ് ഡിക്ലറേഷൻ ഫോം ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരന്റെ പേര്, വിലാസം |
|---|---|
| 1 | ശരത് ബാബു,കൊട്ടുമ്പുഴ,നാറാണംമൂഴി |
| 2 | ജാബു കുര്യൻ,കണ്ണൻകുഴിയത്ത്, കുടമുരട്ടി |
| 3 | വി.ബി വിനു, കിഴക്കേക്കര, നാറാണംമൂഴി |
| 4 | കെ.പി ശശിധരൻ, കൊട്ടുമ്പുഴ,നാറാണംമൂഴി |
| 5 | ജി സലീം, ലതാ ഭവൻ, ചീരക്കുളഞ്ഞി P.O, വലിയകുളം |
| 6 | പ്രസാദ് കെ.എൻ, കൈതക്കുഴിയിൽ, ചീരക്കുളഞ്ഞി P.O, വലിയകുളം |
| 7 | ജോസഫ് ഫിലിപ്പ്, കൊട്ടുമ്പുഴ,നാറാണംമൂഴി |
| 8 | കെ.വി എബ്രഹാം, കൊട്ടക്കാട്ടേത്ത്, നാറാണംമൂഴി |
| 9 | പി വി സോമശേഖരൻ |
| 10 | പി എ ഫിലിപ്പ്, പുളിക്കൽ, വെച്ചൂച്ചിറ |
| 11 | ഷിബിൻ രാജ്, വടക്കേചരുവിൽ, നാറാണംമൂഴി |
| 12 | സതി കുമാർ കെ.എസ്, ശിവപ്രിയ, നാറാണംമൂഴി |
| 13 | ആകാശ് എസ് നായർ, പടറ്റുകാലായിൽ,ഐത്തല പി.ഒ, റാന്നി |

കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കാതിരുന്നതു സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/13-12-2022) അസി എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ജി.എസ്. ടി സംബന്ധിച്ച വിഷയത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ തുടർ നിർദ്ദേശങ്ങളുണ്ടാകേണ്ടതാണ്. അതിനായി DDP തലത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം | ലഭിച്ച | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | തുക | | തുക | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്. | 500000 | 27/21-22, സുഭിക്ഷ കേരളം -കിഴങ്ങുവർഗ്ഗ കൃഷി വികസനം | 500000 | 0 |
| | 400000 | 24/21-22, സുഭിക്ഷ കേരളം- വാഴകൃഷി വികസനം | 400000 | 0 |
| | 466000 | 09/21-22, LIFE ഭവന പദ്ധതി-TSP | 466000 | 0 |
| | 89176 | 5/21-22, അങ്കണവാടി പോഷകാഹാരം | 89176 | 0 |
| | 200000 | 6/21-22, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 112621 | 43/21-22, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 112621 | 0 |
| | 44640 | 147/21-22, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 44640 | 0 |
| ആകെ | | | 1812437 | |
| ജില്ലാ പഞ്ചായത്ത്. | 2700000 | 27/21-22,സുഭിക്ഷ കേരളം -കിഴങ്ങുവർഗ്ഗ കൃഷി വികസനം | 2700000 | 0 |
| | 494800 | 36/21-22,സുഭിക്ഷ കേരളം -കിഴങ്ങുവർഗ്ഗ കൃഷി വികസനം (SCP) | 494800 | 0 |
| | 1250000 | 07/21-22,ലൈഫ് ഭവന പദ്ധതി -ജനറൽ | 1250000 | 0 |
| | 300000 | 6/21-22, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | 400000 | 43/21-22, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| ആകെ | | | 5144800 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | അനുമതി നം/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 199/2021-22, വൈദ്യുതി സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 260/09.02.2022 | 569174 | 0 | 569174 |
| KSEB | 123/21-22, തെരുവുവിളക്കിനു മീറ്റർ സ്ഥാപിക്കൽ | 255/09.02.2022 | 43316 | 0 | 43316 |
| KWA | 111/2021-22, | 254/09.02.2022 | 912000 | 0 | 912000 |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | | |
| KWA | 210/21-22, കുടമുരുട്ടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 265/09.02.2022 | 35000 | 0 | 35000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷ വായ്പ | ആകെ | തൻവർഷം തിരിച്ചടച്ച മുതൽ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി. (KURDFC, HUDCO) | G.O(Ms) No.100/2018/LSGD | 8265874 | 0 | 8265874 | 1063333 | 7202541 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി. |
|---|---|---|---|---|---|---|
| 1 | 1999-00 | - | 2003-04 | - | വൗച്ചർ, ഫയൽ എന്നിവ ഹാജരാക്കിയില്ല. | നിലനിൽക്കുന്നു. |
| 2 | `2001-02 | 2-9 | 2006-07 | 3.18.1.14 | ബി ഫണ്ട് ചെലവുകൾ/ഫയലുകൾ /രേഖകൾ ഹാജരാക്കിയില്ല. | നിലനിൽക്കുന്നു |
| 3 | പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | - | 2015-16 | 3-6.2 | SC/ST കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമല്ല | നിലനിൽക്കുന്നു |
| 4 | 2015-16 | 2-3 | 2016-17 | - | തൊഴിൽനികുതി -അപാകതകൾ | നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 88377110 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 76824297 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 2001-02 (ജനകീയാസൂത്രണം) | നം.എൽ.എഫ്.പി.റ്റി.എ.പി.4/147/06 തീ.30.6.06 | 2എണ്ണം (2-7,2-9) |
| 2002-03 | കെ.എസ്.എ.പി.റ്റി.എ.പി.4/208 /07തീയതി 14-03-2007 | 1എണ്ണം (2-3) |
| 2004-05 | കെ.എസ്.എ.പി.റ്റി.എ.പി.5/774/08 തീയതി 06-10-2009 | 1 എണ്ണം ( 3-5) ഭരണവകുപ്പിന് ശുപാർശ ചെയ്യു. |
| 2005-06 | കെ.എസ്.എ.പി.റ്റി.എ.പി.8/1103/18 തീയതി 5-01-2012 | 1 എണ്ണം (3-4) |
| 2006-07 | കെ.എസ്.എ.പി.റ്റി.എ.പി.8/1104 /11തീയതി 05-01-2012 | 9 എണ്ണം (2-1,2-2,3-1,3-2,3-3,3-4,3-5,3-6,3-8) |
| 2007-08 | കെ.എസ്.എ.പി.റ്റി.എ.പി.8/1105 /11തീയതി 02-01-2012 | 2എണ്ണം (3-3,3-4) |
| 2008-09 | കെ.എസ്.എ.പി.റ്റി.എ.പി.8/1106 /11തീയതി 02-01-2012 | 3എണ്ണം (3-3,3-5,3-9) ഭരണവകുപ്പിന് ശുപാർശ ചെയ്യു |
| (2009-10) To (2011-12) | കെ.എസ്.എ.പി.റ്റി.എ.പി.6/966 /13തീയതി 12-02-14/18-03-14 | 4എണ്ണം (3-4,3-9,3-16,3-18) |
| 2012-13 | കെ.എസ്.എ.പി.റ്റി.എ.പി.6/158 /15തീയതി 13-03-15 | 7എണ്ണം (3-6)മുതൽ(3-12)വരെ |
| 2013-14 To 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.6/3 /2016തീയതി | 15എണ്ണം |

| | | |
|---|---|---|
| | 16-01-2016 | (2-1),(3-2to3-10),(3-18to3-21) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.8/111തീയതി- | 4<br>2-3,3-3,3-5,3-9 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി.6/1180 /2017തീയതി 28-10-2017 | 19എണ്ണം<br>(1-3,2-2,2-4,2-6,3-3,3-4,3-6,3-11,3-12, 3-18,3-21,3-22,3-24,3-25,3-27,3-31, 3-32,3-35,4-3) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.6/131 /2019തീയതി 112-03-2019 | 12എണ്ണം<br>(2-3,2-6,2-7,2-8,2-10,3-5,3-6, 3-9(2),3-9(3),3-10,3-11,3-19) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി.6/716 /2019തീയതി 13-08-2019/23-09-2019 | 19എണ്ണം(1-2,2-5,2-7,2-8,2-10,3-1, 3-2,3-3,3-5,3-6,3-8,3-11,3-12,3-14, 3-15,3-16,3-17,3-19,3-22) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി.6/249 /22തീയതി 18-03-22 | 22എണ്ണം<br>(1-1,1-2,1-4,1-5,1-9,1-11,1-12, 1-13to1-24വരെ,4-1,4-2,4-7) |
| 2021-21 | കെ.എസ്.എ.പി.റ്റി.എ.പി.6/250 /2022തീയതി 15-03-2022. | 12എണ്ണം<br>(1-1,1-4,1-12,1-13,1-14,1-15,1-18, 1-21,1-22,1-24,4-1,4-2) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്